ക്ലാസ്: V

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
## First Semester Examination 2023

| |
|---|
| ആകെ മാർക്ക്: 80 |
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം: 2 മണിക്കൂർ |

പേര്, വീട്ടുപേര്:

## പാർട്ട് 1

1. **പഞ്ചഗ്രന്ഥിയിലെ പുസ്തകങ്ങൾ കണ്ടെത്തിയെഴുതുക.** 5×1=5

• ഉൽപ്പത്തി • ലൂക്കാ • പുറപ്പാട് • എസ്തേർ
• ലേവ്യർ • ഹബക്കുക്ക് • സംഖ്യ • നിയമാവർത്തനം

**പഞ്ചഗ്രന്ഥി**

2. **താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് കണ്ടെത്തി ശരി (✓) അല്ലെങ്കിൽ തെറ്റ് (✗) അടയാളപ്പെടുത്തുക.** 5×1=5

a. അബ്രാഹം വിശ്വാസികളുടെ പിതാവാണ്. ☐

b. ഫറവോ ജോസഫിന്റെ കുടുംബാംഗങ്ങൾക്ക് താമസിക്കാൻ നാട്ടിലെ ഏറ്റവും നല്ല ദേശമായ മിദിയാൻ നൽകി. ☐

c. പുതിയ നിയമത്തിൽ ആകെ 46 പുസ്തകങ്ങളുണ്ട്. ☐

d. ഇസഹാക്കിന്റെ ഭാര്യയുടെ പേര് 'ഹാഗാർ' എന്നാണ്. ☐

e. ജത്രോയുടെ മകളെയാണ് മോശ വിവാഹം ചെയ്തത്. ☐

3. **ചേരുംപടി ചേർക്കുക.** 5×1=5

| | |
|---|---|
| ബൈബിൾ | ദൈവത്തിന്റെ ഭവനം |
| ബഥേൽ | പുസ്തകം |
| മോശ | ദൈവവുമായി മൽപ്പിടുത്തം നടത്തുന്നവൻ |
| ഇസ്രായേൽ | കടന്നുപോകൽ |
| പെസഹാ | വെള്ളത്തിൽനിന്ന് എടുക്കപ്പെട്ടവൻ |

**രണ്ട് വാക്യങ്ങളിൽ ഉത്തരമെഴുതുക.** 7×2=14

4. അബ്രാഹം എന്ന പേരിന്റെ അർത്ഥമെന്ത്? അബ്രാഹത്തിന്റെ ആദ്യത്തെ പേര് എന്തായിരുന്നു?

5. യാക്കോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നതെന്ത്?

6. ദൈവം മോശയെ അയച്ചപ്പോൾ ഇസ്രായേൽക്കാരോട് പറയുവാൻ ഏൽപ്പിച്ച കാര്യങ്ങൾ എന്തെല്ലാം?

7. രാവും പകലും ഇസ്രായേൽ ജനത്തിന് കർത്താവ് വഴികാട്ടിയത് എങ്ങനെ?

8. ഈശോ നമുക്ക് നൽകിയ പുതിയ കൽപ്പന എന്താണ്?

9. ദൈവം പത്ത് ബാധകൾ ഈജിപ്തിലേക്ക് അയച്ചതിന്റെ കാരണങ്ങൾ എന്തായിരുന്നു?

10. വചനം ക്രമത്തിലാക്കി എഴുതുക.

**എന്റെ / വിളക്കും / വചനം / അങ്ങയുടെ / പാദത്തിന് / വഴികളിൽ / പ്രകാശവുമാണ്**

**താഴെത്തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് 4 വാക്യങ്ങളിൽ ഉത്തരമെഴുതുക. (11 മുതൽ 14 വരെ)** **4×4=16**

11. യാക്കോബ് തന്റെ സഹോദരനിൽനിന്നും കടിഞ്ഞൂലവകാശം നേടിയെടുത്തതെങ്ങനെ?

12. അബ്രാഹത്തെ വിശ്വാസികളുടെ പിതാവ് എന്ന് വിളിക്കാൻ കാരണമെന്ത്?

13. മോശയുടെ ചരിത്രം നമുക്ക് നൽകുന്ന സന്ദേശമെന്ത്?

14. നോട്ട് കുറിക്കുക:- സമാഗമകൂടാരം.

**5 വാക്യങ്ങളിൽ ഉത്തരമെഴുതുക.** **1×5=5**

15. പുതിയ ഇസ്രായേലായ സഭ രൂപംകൊണ്ടത് പുതിയൊരു ഉടമ്പടിയിലൂടെയാണ്-വിശദമാക്കുക.

**ഉത്തരമെഴുതുക.** **1×10=10**

16. a) ദൈവം വഴിനടത്തിയ അനുഭവങ്ങൾ അത്ഭുതകരങ്ങളാണെന്ന് ജോസഫിന്റെ ജീവിതം വ്യക്തമാക്കുന്നു. വിശദമാക്കുക. (ജോസഫിന്റെ സ്വപ്നം-ഈജിപ്തിൽ-സ്വപ്നം വ്യാഖ്യാനിക്കുന്നു-ഈജിപ്തിലെ കാര്യസ്ഥൻ-ഇസ്രായേൽ ഈജിപ്തിലേക്ക്)

*അല്ലെങ്കിൽ*

b) പെസഹാ ആചരിക്കാൻ കർത്താവ് ഈജിപ്തിൽ വെച്ച് മോശയോടും അഹറോനോടും നിർദ്ദേശിച്ച കാര്യങ്ങൾ എന്തെല്ലാം? (ദൈവത്തിന്റെ നിർദ്ദേശങ്ങൾ-ചെങ്കടൽ കടക്കൽ-കടന്നുപോകലിന്റെ തിരുനാൾ)

## പാർട്ട് 2

**17. ശരിയായ ഉത്തരം കോളത്തിൽ നിന്നും തിരഞ്ഞെടുത്തെഴുതുക** **5×1=5**

| |
|---|
| • സ്നേഹവിരുന്ന് • സൊഡാലിറ്റി • |
| സൂര്യോദയം • കൈത്താക്കാലം • ദൈവത്തിന്റേത് |

a. ദനഹാ എന്ന സുറിയാനി വാക്കിന്റെ അർത്ഥം

b. ഫലാഗമകാലം എന്നറിയപ്പെടുന്ന കാലം

c. അഗാപ്പേ എന്ന വാക്കിന്റെ അർത്ഥം

d. ഡൊമിനിക്ക് എന്ന വാക്കിന്റെ അർത്ഥം

e. പരിശുദ്ധ അമ്മയോടുള്ള സ്നേഹം പ്രകടമാക്കാൻ വി. ഡൊമിനിക്ക് സാവിയോ രൂപീകരിച്ച പ്രസ്ഥാനം

**18. സന്തോഷത്തിന്റെ ഒന്നാം ദൈവരഹസ്യംഎഴുതുക.** **2**

**19. വചനവിളക്കിൽനിന്നും നിങ്ങൾ സ്വന്തമാക്കിയ ഏതെങ്കിലും രണ്ട് വചനങ്ങൾ എഴുതുക.** **2×1½=3**

20. പരിശുദ്ധ രാജ്ഞി എന്ന ജപം എഴുതുക. 5

21. ഈശോ എഴുന്നള്ളിവന്ന നിമിഷം മുതൽ വി. മരിയ ഗൊരേത്തിയിൽ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാം? 5